**പതിമൂന്നാം കേരള നിയമ സഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5225** **05.07.2012 ൽ മറുപടിയ്ക്ക്**

**<u>മോട്ടോർ വാഹനവകുപ്പിലെ ശമ്പളപരിഷ്കരണവും സ്ഥലംമാറ്റവും</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.മാത്യു റ്റി.തോമസ് | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുൻ കാലങ്ങളിൽ പോലീസ് വകുപ്പിലെ എസ്.ഐ., സി.ഐ., ഡി.വൈ.എസ്.പി., എസ്.പി. തുടങ്ങിയ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് ലഭിച്ചിരുന്ന വേതനത്തിന് തുല്യമായിരുന്ന മോട്ടോർ വാഹന വകുപ്പിലെ എ.എം.വി.ഐ., എം.വി.ഐ., ജോയിന്റ് ആർ.റ്റി.ഒ., ആർ.റ്റി.ഒ. തുടങ്ങിയ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ വേതനത്തിൽ സംഭവിച്ച കുറവ് പരിഹരിക്കുന്നതിനായി മുൻ സർക്കാർ എടുത്ത തീരുമാനം നടപ്പിലാക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ; | (എ) | പോലീസ് വകുപ്പിലെ ഓഫീസർമാർക്ക് ലഭിച്ചു വരുന്ന വേതനത്തിന് സമാനമായി മോട്ടോർ വാഹന വകുപ്പിലെ എ.എം.വി.ഐ., എം.വി.ഐ., ജോയിന്റ് ആർ.റ്റി.ഒ., ആർ.റ്റി.ഒ. തുടങ്ങിയ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | സംഘടനകളുടേയും വകുപ്പിന്റെയും അഴിമതി കുറക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ ഭാഗമായി സ്ഥലംമാറ്റത്തെ സംബന്ധിച്ച് മുൻസർക്കാരിന്റെ തീരുമാനത്തിന് വിരുദ്ധമായി സ്വീകരിച്ചിട്ടുള്ള നിലപാട് പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | മോട്ടോർ വാഹന വകുപ്പിലെ ജോലികളുടെ പ്രത്യേക സ്വഭാവം കണക്കിലെടുത്താണ് നിലവിലുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തിയിട്ടുള്ളത്. ആയത് പുന:പരിശോധിക്കാൻ ഉദ്ദേശിക്കുന്നില്ല. |
| (സി) | സ്ഥലം മാറ്റത്തെ സംബന്ധിച്ച മുൻ ഉത്തരവുകളിൽ മാറ്റം വരുത്തുമ്പോൾ വകുപ്പുതല സംഘടനകളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ ; | (സി) യും (ഡി) യും | സ്ഥലംമാറ്റ ഉത്തരവുകൾ ഭേദഗതി വരുത്തുമ്പോൾ എല്ലായ്പ്പോഴും സംഘടനകളുമായി കൂടിയാലോചിക്കുന്ന പതിവില്ല. |
| (ഡി) | ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ